# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3025 07.11.2019 ൽ മറുപടിക്ക്**

**കാസർകോട് - മംഗലാപുരം ദേശീയപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എൻ .എ.നെല്ലിക്കുന്ന് | | ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | കാസർകോട് - മംഗലാപുരം ദേശീയപാതയുടെ നീളം എത്ര കിലോമീറ്ററാണെന്ന് വ്യക്തമാക്കാമോ; | എ) | ദേശീയപാത 66 മംഗലാപുരം മുതൽ തലപ്പാടി വരെ 17 കി.മീറ്ററും , തലപ്പാടി മുതൽ കാസറഗോഡ് വരെ 33 കി.മീറ്ററുമാണ്. ഇതിൽ തലപ്പാടി മുതൽ കാസറഗോഡ് വരെയാണ് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്നത്. |
| ബി) | ഇതിൽ ഗതാഗതയോഗ്യമായതും അല്ലാത്തതുമായ എത്ര കിലോമീറ്ററുകളുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | കാസറഗോഡ് മുതൽ തലപ്പാടി വരെയുള്ള ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡ് താൽക്കാലികമായി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. നാലുവരിപ്പാത വികസനത്തിനുള്ള ടെണ്ടർ നടപടി NHAI സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഈ ദേശീയപാതയിൽ അവസാനമായി അറ്റകുറ്റപണി നടത്തിയത് എപ്പോഴാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ; | സി) | അവസാനമായി പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തി നടത്തിയത് 24.03.2016 ലാണ്. ഇതിന് ചിലവഴിച്ച തുക 5,49,28,000രൂപയാണ്. അതിന് ശേഷം താൽക്കാലിക അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 69,91,000 രൂപയും ചിലവഴിച്ചിട്ടുണ്ട്. |
| ഡി) | ഈ ദേശീയപാത ഇപ്പോൾ ഗതാഗതയോഗ്യമല്ലെങ്കിൽ ഏത് അവസ്ഥയിലാണുള്ളതെന്നും ഗതാഗത യോഗ്യമാക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നും എപ്പോഴാണ് പ്രവർത്തി ടെണ്ടർ ചെയ്യുതെന്നും ഇതുവരെ പണി തുടങ്ങാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ? | ഡി) | പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തിയുടെ ഭാഗമായി തലപ്പാടി മുതൽ കമ്പള വരെയുള്ള ഭാഗങ്ങൾക്ക് കരാർ ഉടമ്പടിയായിട്ടുണ്ട്. മഴ കാരണം പ്രവൃത്തി ചെയ്യുന്നതിന് തടസ്സം നേരിടുന്നു. കാലാവസ്ഥാനുകൂലമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ